മാതൃഭൂമി

30 November 2025

# അഷ്ടമുടി കക്ക: പുനരുജ്ജീവനപദ്ധതി ഫലം കാണുന്നു

**കൊല്ലം** ▸ അഷ്ടമുടിക്കായലിലെ പൂവൻ കക്കസമ്പത്ത് വർധിപ്പിക്കാനുള്ള കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പുനരുജ്ജീവനപദ്ധതി ഫലം കാണുന്നു. സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഗീതാ ശശികുമാറിന്റെ നേതൃത്വത്തിൽ നടത്തിയ ഫീൽഡ് സർവേപ്രകാരം കക്കയിനത്തിന്റെ ഉത്പാദനത്തിൽ വർധനയുണ്ടായിട്ടുണ്ടെന്നും വിത്തുകക്കകൾ കായലിൽ വ്യാപകമായതായും കണ്ടെത്തി. സിഎംഎഫ്ആർഐയുടെ വിഴിഞ്ഞം റീജണൽ സെന്ററിന്റെ നേതൃത്വത്തിൽ കഴിഞ്ഞവർഷം 30 ലക്ഷം കക്കവിത്തുകളാണ് കായലിൽ നിക്ഷേപിച്ചത്.

വിഴിഞ്ഞം കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എം.കെ. അനിലിന്റെ മേൽനോട്ടത്തിലാണ് കക്കക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചത്. ഇവയിൽ 80 ശതമാനത്തോളം അതിജീവനനിരക്ക് ലഭിച്ചതായാണ് കണ്ടെത്തൽ. നിക്ഷേപിച്ച് ഏഴുമാസത്തിനുള്ളിൽ കക്കക്കുഞ്ഞുങ്ങൾ 34 മില്ലിമീറ്റർ വലുപ്പമെത്തി. 2018-ലെ പ്രളയാനന്തരം അഷ്ടമുടിയിൽ കക്കവിത്തുത്പാദനം ഗണ്യമായി കുറഞ്ഞ പശ്ചാത്തലത്തിലാണ് കഴിഞ്ഞവർഷം പുനരുജ്ജീവനപദ്ധതിക്ക് തുടക്കമിട്ടത്. ഷെൽഫിഷ് ഫിഷറീസ് വിഭാഗം നടത്തിയ സർവേയിൽ കക്കവിത്തുത്പാദനത്തിൽ പുരോഗതി കൈവരിച്ചതായി കണ്ടെത്തി. കായലിലെ കക്കസമ്പത്ത് പൂർവസ്ഥിതിയിലാക്കുന്നതിനും ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്നതിനുമായാണ് പുനരുജ്ജീവനപദ്ധതി.



▶ അഷ്ടമുടിക്കായലിലെ പൂവൻ കക്ക

ഒക്ടോബർമുതലാണ് കക്കകളുടെ പ്രജനനകാലം ആരംഭിക്കുന്നത്. വിവിധ വലുപ്പത്തിലുള്ള കക്കകളാണ് കായലിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടെത്താനായത്. ഉയർന്നതോതിൽ ഉപ്പുരസമുള്ള ഭാഗങ്ങളിലാണ് കൂടുതലായും കക്കക്കുഞ്ഞുങ്ങളെ കണ്ടെത്തിയത്.

കഴിഞ്ഞമാസം രേഖപ്പെടുത്തിയ ഏറ്റവും ചെറിയ വിത്തിന്റെ അളവ് 2.38 മില്ലിമീറ്ററാണ്. ഇനിയുള്ള മാസങ്ങൾ ഇവയുടെ വളർച്ചയ്ക്ക് നിർണായകമായതിനാൽ ഡിസംബർ ഒന്നുമുതൽ മൂന്നുമാസത്തേക്ക് കായലിൽനിന്ന് കക്ക വാരുന്നതിൽ നിരോധനം ഏർപ്പെടുത്തണമെന്ന് സിഎംഎഫ്ആർഐ നിർദേശിച്ചിരുന്നു.

തുടർന്ന് ഡിസംബർ ഒന്നുമുതൽ ഫെബ്രുവരി 28 വരെ അഷ്ടമുടിക്കായൽ, പരവൂർ കായൽ, ടിഎസ് കനാലിന്റെ ജില്ലയിൽ ഉൾപ്പെടുന്ന ഭാഗങ്ങളിലടക്കം കക്ക വാരുന്നതും ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും കളക്ടർ നിരോധനം ഏർപ്പെടുത്തി ഉത്തരവിറക്കി.

ദീർഘകാല സുസ്ഥിരത ഉറപ്പാക്കാനായി ശാസ്ത്രീയമല്ലാത്ത മണൽഖനനവും തോടുകളുടെ ശേഖരണവും വിത്തുകക്കകൾവീണ സ്ഥലങ്ങളിൽ അവ നശിക്കാൻ കാരണമുണ്ടാകുന്നുണ്ടെന്നും സിഎംഎഫ്ആർഐ മുന്നറിയിപ്പ് നൽകി. നീണ്ടകര പാലത്തിനു സമീപമുള്ള ബാർമൗത്ത് പ്രദേശം കക്ക വാരൽ നിരോധിത മേഖലയായി നേരത്തേ പ്രഖ്യാപിച്ചിരുന്നു. ഇത് തുടരാനും സിഎംഎഫ്ആർഐ നിർദേശമുണ്ട്.